# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് മുപ്പത്തേഴ്

## രാജ്യത്തിന്റെ മർമങ്ങളുടെ അനാവരണം

## (3)

Sat നല്ല നിലം സ്വർഗരാജ്യത്തിന്റെ ഭരണഘടന അനുസരിച്ചുള്ള ജനമാണെന്ന് കഴിഞ്ഞ ദൂതിൽ നാം കണ്ടു. ഭരണഘടന നല്ല നിലത്തിന്റെ, അതായത്, ആത്മാവിൽ ദരിദ്രനും ഹൃദയശുദ്ധിയുള്ളവനും, തന്റെ ഉള്ളിൽ യാതൊരു ലൗകിക ഗതാഗതവും ഇല്ലാത്തവനും, തന്റെ ആളത്തം കഠിനമാക്കപ്പെടാത്തവനും, തന്റെ ഉള്ളിൽ മറച്ചുവയ്ക്കപ്പെട്ട കോപത്തിന്റേതും, മോഹത്തിന്റേതും, സ്വയത്തിന്റേതും, ജഡത്തിന്റേതുമായ യാതൊരു മറഞ്ഞിരിക്കുന്ന പാറയും ഇല്ലാത്തവനുമായ ഒരുവന്റെ സമ്പൂർണ വർണനയാണ്. ഇതെല്ലാം ഭരണഘടനയിൽ നൽകപ്പെട്ടിരിക്കുന്ന ആവശ്യകതകളോട് ഒത്തിരിക്കുന്നു. നല്ല നിലമായിരിക്കുന്നവർക്ക് മുള്ളുകളും ജീവിതത്തെക്കുറിച്ചുള്ള വ്യാകുലതയും, ധനത്തിന്റെ വഞ്ചനയും ഇല്ല. അതുകൊണ്ട്, അവർ വിത്തിന് വളരുവാൻ കഴിയുന്ന നല്ല നിലമായിത്തീരുന്നു. ഈ നല്ല നിലം സ്വർഗരാജ്യത്തിന്റെ ഭരണഘടന അനുസരിച്ച് ജീവിക്കുന്ന ജനമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവരുടെ ജീവിതം കൃത്യമായും ഭരണഘടനയോട് യോജിക്കുന്നു.

സ്വർഗരാജ്യം വിത്തിന്റെ പെരുക്കത്താൽ പണിയപ്പെടുന്നു. വിതയ്ക്കുന്നവൻ വിത്തു വിതയ്ക്കുകയും, വിത്ത് വളർന്ന് പെരുകുകയും, ഒടുവിൽ വിത്തിന്റെ പെരുക്കം രാജ്യത്തിന്റെ ഘടകാംശമായിത്തീരുകയും ചെയ്യുന്നു. രാജ്യം യാതൊരു തരത്തിലുള്ള വേലയാലും പണിയപ്പെടുന്നില്ല, പിന്നെയോ അത് പണിയപ്പെടുന്നത് വിതയ്ക്കുന്നവനാൽ വിതയ്ക്കപ്പെട്ട വിത്തിന്റെ പെരുക്കത്താലാണെന്ന് ഇത് വെളിപ്പെടുത്തുന്നു. ജീവ വിത്തെന്ന നിലയിൽ തന്നെത്തന്നെ വിതെച്ചുകൊണ്ട് ഒരു വിതക്കാരനായി ക്രിസ്തു വന്നു. ഈ ജീവവിത്ത് രാജ്യത്തിന്റെ പുത്രന്മാർ എന്ന ഫലം ഉളവാക്കപ്പെടേണ്ടതിന് മനുഷ്യത്വത്തിലേക്ക് പ്രവേശിക്കുന്നു. ഇതാണ് വിത്തിന്റെ പെരുക്കം. രാജ്യം ഈ പെരുക്കത്താൽ പണിയപ്പെടുന്നു. അതുകൊണ്ട്, രാജ്യം വിതയ്ക്കുന്നവനാൽ വിതയ്ക്കപ്പെട്ട വിത്തിന്റെ പെരുക്കമാണ്.

വിതയ്ക്കുന്നവൻ തന്നെയാണ് വിത്ത്: വിത്തിന്റെ പെരുക്കം വിതയ്ക്കുന്നവന്റെ പെരുക്കമാണ്. തന്മൂലം, രാജ്യം ക്രിസ്തുവിന്റെ പെരുക്കത്താൽ പണിയപ്പെടുന്നു. രാജ്യം നമ്മിലേക്കു വിതയ്ക്കപ്പെട്ട വിത്തെന്ന നിലയിൽ ക്രിസ്തുവിന്റെ വികാസം, ക്രിസ്തുവിന്റെ പെരുക്കം ആണ്. നാം ഇത് കാണുന്നുവെങ്കിൽ, രാജ്യത്തിൽ നാം പങ്കു ചേരത്തക്കവണ്ണം നമുക്ക് എന്തുതരം ജീവിതം ഉണ്ടായിരിക്കണമെന്നും, എന്തുതരം സാഹചര്യത്തിൽ നാം ആയിരിക്കണമെന്നും നാം അറിയും. ഈ വിഷയം കണ്ടുകഴിഞ്ഞതിനാൽ, നമുക്കിനി രണ്ടാമത്തെ ഉപമ ചിന്തിക്കുവാൻ മുന്നോട്ടുപോകാം (13:24-30, 36-43).

## II. രാജ്യത്തിന്റെ സ്ഥാപനവും അതിന്റെ വ്യാജ ഘടകങ്ങളും

### A. സ്വർഗരാജ്യം നല്ല വിത്തു വിതയ്ക്കുന്ന ഒരു മനുഷ്യനോട് സദൃശം

വാക്യം 24 പറയുന്നു, "അവൻ മറ്റൊരു ഉപമ അവരുടെ മുമ്പാകെവച്ചു പറഞ്ഞത്, സ്വർഗരാജ്യം തന്റെ വയലിൽ നല്ല വിത്തു വിതച്ച ഒരു മനുഷ്യനോട് സദൃശമായിത്തീർന്നിരിക്കുന്നു." രണ്ടാമത്തെ ഉപമ നിറവേറപ്പെടുവാൻ തുടങ്ങിയ സമയമായ, പെന്തക്കൊസ്തു നാളിൽ സഭ പണിയപ്പെട്ടപ്പോൾ (മത്താ. 16:18-19), സ്വർഗരാജ്യം സ്ഥാപിക്കപ്പെടുവാൻ തുടങ്ങിയതുകൊണ്ട്, രണ്ടാമത്തെ ഉപമ മുതൽ കർത്താവ്, "സ്വർഗരാജ്യം....സദൃശമായിത്തീർന്നിരിക്കുന്നു" എന്ന് പറയുവാൻ തുടങ്ങി. സഭ സ്ഥാപിക്കപ്പെട്ടതിനു ശേഷമുള്ള ആ സമയം മുതലായിരുന്നു, യഥാർഥ വിശ്വാസികളായ ഗോതമ്പിന്റെ മധ്യേ, വ്യാജ വിശ്വാസികളായ കളകൾ വിതയ്ക്കപ്പെട്ടത്.

സ്വർഗരാജ്യം രണ്ടാമത്തെ ഉപമയോടുകൂടെ ആരംഭിച്ചു. ഇക്കാരണത്താലാണ് "സ്വർഗരാജ്യം....സദൃശമായിരിക്കുന്നു" എന്നീ വാക്കുകൾ കർത്താവ് ഉപയോഗിച്ചത്. ഈ വാക്കുകൾ ഒന്നാമത്തെ ഉപമയിൽ കർത്താവു സംസാരിച്ചില്ല, കാരണം ആ സമയത്ത് സ്വർഗരാജ്യം വന്നിരുന്നില്ല. മറിച്ച്, ആ ഉപമ സ്വർഗരാജ്യത്തിനു വേണ്ടിയുള്ള പ്രാഥമിക വേലയോട് ബന്ധപ്പെട്ടിരുന്നു. എന്നാൽ രണ്ടാമത്തെ ഉപമയുടെ സമയത്ത് സ്വർഗരാജ്യം വന്നിരുന്നു; അങ്ങനെ, സ്വർഗരാജ്യം തന്റെ വയലിൽ നല്ല വിത്ത് വിതയ്ക്കുന്ന ഒരു മനുഷ്യനോട് സദൃശമായിത്തീർന്നിരിക്കുന്നു എന്ന് കർത്താവു പറഞ്ഞു.

### B. സ്വർഗീയ രാജാവ് തന്റെ വയലിൽ നല്ല വിത്തു വിതെച്ചു

കളകളുടെ ഉപമ മനസ്സിലാക്കുവാൻ എളുപ്പമാണ്. ഒന്നാമത്തെ ഉപമയിൽ വിതയ്ക്കുന്നവനാൽ വിതയ്ക്കപ്പെട്ട വിത്ത് രാജ്യത്തിന്റെ

വചനമായിരുന്നു. വാക്യം 19 ഇത് വ്യക്തമായി പറയുന്നു. എന്നാൽ രണ്ടാമത്തെ ഉപമയിൽ നാം കാണുന്നത് വിത്ത് രാജ്യത്തിന്റെ പുത്രന്മാരായി വികാസം പ്രാപിച്ചിരിക്കുന്നു എന്നാണ് (വാ. 38). ഇത് അർഥമാക്കുന്നത്, ഒന്നാമത്, വിത്ത് മനുഷ്യത്വത്തിലേക്ക് വിതയ്ക്കപ്പെട്ട വചനമായിരുന്നുവെന്നും, രണ്ടാമത്, അത് രാജ്യത്തിന്റെ പുത്രന്മാരിലേക്ക് വളർന്നു എന്നുമാണ്. വിത്ത്, ജീവനായി ക്രിസ്തുവുള്ള വചനമാണെന്ന് കഴിഞ്ഞ ദൂതിൽ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. രണ്ടാമത്തെ ഉപമ അനുസരിച്ച് ഈ വിത്ത് രാജ്യജനമായ, രാജ്യത്തിന്റെ പുത്രന്മാരായ നമ്മിലേക്കു വളരുന്നു. അതുകൊണ്ട്, ഗോതമ്പ്, യഥാർഥ വിശ്വാസികളായ, ദിവ്യജീവനാൽ വീണ്ടുംജനിച്ചവരായ രാജ്യത്തിന്റെ പുത്രന്മാരാണ്.

## C. ഗോതമ്പിനിടയിൽ ശത്രു വന്ന് കളകൾ വിതെച്ചു

വാക്യം 25 പറയുന്നു, "എന്നാൽ മനുഷ്യർ ഉറങ്ങുന്ന സമയത്ത്, അവന്റെ ശത്രു വന്ന് ഗോതമ്പിന്റെ മധ്യേ കളകളെ വിതെച്ചിട്ട് പൊയ്ക്കളഞ്ഞു." മനുഷ്യർ, പ്രധാനമായും അപ്പൊസ്തലന്മാരായ കർത്താവിന്റെ അടിമകളെ പരാമർശിക്കുന്ന അടിമകളായിരുന്നു (വാ. 27). കർത്താവിന്റെ അടിമകൾ ഉണർന്നിരിക്കുമ്പോഴല്ല, ഉറങ്ങുമ്പോഴായിരുന്നു കർത്താവിന്റെ ശത്രുവായ പിശാച് വന്ന് യഥാർഥ വിശ്വാസികളുടെ മധ്യേ വ്യാജ വിശ്വാസികളെ വിതെച്ചത്.

ഗോതമ്പിനിടയിൽ ശത്രു കളകൾ വിതെച്ചുവെന്ന് വാക്യം 25 പറയുന്നു. കള, ഒരു തരം കളപ്പുല്ല്, ഗോതമ്പിനോട് സദൃശമായ ഒരു പാഴ്ചെടിയാണ്. അതിന്റെ വിത്തുകൾ മയക്കവും, ഓക്കാനവും, അപസ്മാരവും, മരണംപോലും ഉളവാക്കുന്നത്ര വിഷമുള്ളതാണ്. കളകളുടെ നാമ്പും ഇലകളും കാഴ്ചയിൽ ഗോതമ്പിന്റേതു പോലെയാണ്. ഫലം ഉല്പദിപ്പിക്കപ്പെടുന്നതുവരെ ഒന്നിനെ മറ്റൊന്നിൽനിന്നും വിവേചിച്ചറിയുന്നത് അസാധ്യമാണ്. ഗോതമ്പിന്റെ ഫലം സ്വർണത്തെപ്പോലെ മഞ്ഞയാണ്, എന്നാൽ കളകളുടേത് കറുപ്പാണ്.

പഴയനിയമത്തിൽ, ദൈവരാജ്യത്തിലുള്ള യിസ്രായേൽമക്കളെ മുന്തിരിത്തോട്ടത്തിൽ വളരുന്ന മുന്തിരിയോട് ഉപമിച്ചിരുന്നു (21:33-34). എന്നാൽ പുതിയനിമയത്തിൽ, സ്വർഗരാജ്യത്തിലുള്ള രാജ്യജനത്തെ വയലിൽ വളരുന്ന ഗോതമ്പിനോട് ഉപമിക്കുന്നു. മുന്തിരിത്തോട്ടം വേലികൊണ്ട് അടച്ചതായിരുന്നതിനാൽ, യെഹൂദന്മാർക്കു മാത്രമായി പരിമിതപ്പെട്ടിരുന്നു; എന്നാൽ വയൽ സകല ജനത്തിനും തുറക്കപ്പെട്ടതും, വിശ്വവിശാലവും, പരിമിതിയില്ലാത്തതും ആണ്.

സഭയുടെ കെട്ടുപണിയാൽ രാജ്യം സ്ഥാപിച്ചതിനുശേഷം ഏറെ താമസിയാതെ സ്വർഗരാജ്യത്തിന്റെ സ്ഥിതിവിശേഷത്തിന് മാറ്റം വന്നു എന്ന് ഈ ഉപമ വെളിവാക്കുന്നു. ഇത് സ്ഥാപിക്കപ്പെട്ടിരുന്നത്

ഗോതമ്പായ രാജ്യത്തിന്റെ പുത്രന്മാരെക്കൊണ്ടാണ്. എന്നാൽ കളകളായ ദുഷ്ടന്റെ പുത്രന്മാർ സാഹചര്യത്തിന് മാറ്റംവരുത്തുവാൻ വളർന്നുവന്നു. തന്മൂലം, സ്വർഗരാജ്യവും അതിന്റെ ബാഹ്യമായ വ്യാജഭാവവും തമ്മിലുള്ള ഒരു വ്യത്യാസം ഉയർന്നുവന്നു. രാജ്യത്തിന്റെ പുത്രന്മാരായ ഗോതമ്പ്, രാജ്യത്തെ സംരചിക്കുമ്പോൾ, ദുഷ്ടന്റെ പുത്രന്മാരായ കളകൾ, ഇന്ന് ക്രൈസ്തവലോകം എന്നു വിളിക്കപ്പെടുന്ന രാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തിന് രൂപം നൽകിയിരിക്കുന്നു.

ഗോതമ്പ്, ദിവ്യജീവനാൽ വീണ്ടുംജനിച്ച യഥാർഥ വിശ്വാസികളായ രാജ്യത്തിന്റെ പുത്രന്മാരാണ്. കളകൾ, ദുഷ്ടനായ പിശാചിന്റെ പുത്രന്മാരാണ്. അവയുടെ വളർച്ചയുടെ ആരംഭഘട്ടത്തിൽ കളകൾ നിറത്തിലും ആകൃതിയിലും കൃത്യമായും ഗോതമ്പിനെപ്പോലെതന്നെ കാണപ്പെടുന്നു. ഫലം പ്രത്യക്ഷമാകുന്നതുവരെ വ്യത്യാസം വിവേചിച്ചറിയുവാൻ വിദഗ്ധന്മാർക്കുപോലും കഴിയുകയില്ല. കളകളുടെ ഫലത്തിലും ഗോതമ്പിന്റെ ഫലത്തിലും വലിയൊരു വ്യത്യാസമുണ്ട്, കാരണം കളകളുടെ ഫലം കറുപ്പും, ഗോതമ്പിന്റേത് പച്ചകലർന്ന മഞ്ഞയുമാണ്. രാജ്യത്തിന്റെ പുത്രന്മാർ തങ്ങളുടെ ഉള്ളിൽ ദിവ്യജീവനുള്ളവരായ ദൈവത്തിന്റെ പുത്രന്മാരാണ്. ദുഷ്ടന്റെ പുത്രന്മാർ തങ്ങളുടെ ഉള്ളിൽ ദിവ്യജീവൻ ഇല്ലാത്തവരായ വ്യാജ വിശ്വാസികൾ, പേരിൽമാത്രം വിശ്വാസികൾ ആണ്.

### D. രാജാവിന്റെ അടിമകൾ കള ഒരുമിച്ചു കൂട്ടുവാൻ ആവശ്യപ്പെടുന്നു, എന്നാൽ കൊയ്ത്തുവരെ ഗോതമ്പിനോടുകൂടെ കള വളരുവാൻ രാജാവ് അനുവദിക്കുന്നു

രാജാവിന്റെ അടിമകൾ കളകൾ പറിച്ചുകൂട്ടുവൻ ആവശ്യപ്പെട്ടപ്പോൾ (വാ. 28) അവൻ പറഞ്ഞു, "വേണ്ട, അല്ലാഞ്ഞാൽ കളകളെ കൂട്ടുമ്പോൾ, നിങ്ങൾ അവയോടുകൂടെ ഗോതമ്പും പിഴുതെടുക്കും." കളകളും ഗോതമ്പും വയലിൽ വളരുന്നു, വയൽ ലോകമാണ് (വാ. 38). വ്യാജ വിശ്വാസികളും യഥാർഥ വിശ്വാസികളും ലോകത്തിൽ ജീവിക്കുന്നു. വയലിൽനിന്നും കളകൾ ശേഖരിക്കുന്നത് അർഥമാക്കുന്നത് ലോകത്തിൽനിന്നും വ്യാജ വിശ്വാസികളെ എടുത്തുകളയുന്നതാണ്. തന്റെ അടിമകൾ ഇതു ചെയ്യുവാൻ കർത്താവ് ആഗ്രഹിച്ചില്ല; കാരണം വ്യാജ വിശ്വാസികളെ ലോകത്തിൽനിന്നും എടുത്തുകളയുമ്പോൾ യഥാർഥ വിശ്വാസികളും ലോകത്തിൽനിന്നും എടുത്തുകളയപ്പെട്ടേക്കാം. കത്തോലിക്കാസഭ ഇത് വളരെയധികം ചെയ്തിരിക്കുന്നു: അങ്ങനെ ചെയ്തതിലൂടെ അനേകം യഥാർഥ വിശ്വാസികൾ കൊല്ലപ്പെട്ടു.

വയൽ സഭയാണെന്നു പറഞ്ഞുകൊണ്ട് അനേകം ക്രിസ്തീയ ഉപദേഷ്ടാക്കന്മാർ അതിനെ തെറ്റായി വ്യാഖ്യാനിച്ചിട്ടുണ്ട്. ഈ വ്യാഖ്യാനമനുസരിച്ച്, സഭയിൽ വ്യാജന്മാരും യഥാർഥവാന്മാരും ഉണ്ട്. എന്നാൽ വയൽ ലോകമാണെന്ന് വാക്യം 38-ൽ കർത്താവ് വ്യക്തമായി പറയുന്നു. ഗോതമ്പും കളകളും സഭയിലല്ല, ലോകത്തിൽ ഒരുമിച്ചു വളരുവാൻ അനുവദിച്ചിരിക്കുന്നു. ലേഖനങ്ങൾ അനുസരിച്ച് പാപമുള്ളവരെ പോലും സഭയിൽ തുടരുവാൻ അനുവദിച്ചിരിക്കുന്നു. 1 കൊരിന്ത്യർ അഞ്ചാം അധ്യായത്തിൽ പാപിയായ ഒരുവനുമായി സംസർഗം പാടില്ലെന്ന് കൊരിന്തിലുള്ള സഭയോട് അപ്പൊസ്തലനായ പൗലൊസ് ആജ്ഞാപിച്ചു. യഥാർഥവാനായ പാപമുള്ള ഒരുവനെപ്പോലും പുറത്താക്കണമെങ്കിൽ, വ്യാജന്മാരെ എത്രയധികം? വ്യാജവിശ്വാസികളെ സഹിക്കാനുള്ളതല്ല സഭ, മറിച്ച് വ്യാജന്മാരും സത്യവാന്മാരും ലോകത്തിൽ ഒരുമിച്ചു വളരുവാൻ അനുവദിച്ചിരിക്കുന്നു. വയൽ ലോകത്തെ സൂചിപ്പിക്കുന്നുവെന്ന് ദയവായി വ്യക്തത ഉള്ളവരായിരിക്കുക. ലോകത്തിൽ സത്യ വിശ്വാസികളും വ്യാജ വിശ്വാസികളുമുണ്ട്, എന്നാൽ സഭയിൽ അങ്ങനെ ആയിരിക്കരുത്.

കളകളിൽനിന്നും ഗോതമ്പിനെ വേർതിരിക്കരുതെന്നും, കൊയ്ത്തോളം ഒരുമിച്ചു വളരുവാൻ അവയെ അനുവദിക്കണമെന്നും കർത്താവ് തന്റെ അടിമകളോടു പറഞ്ഞു. അല്ലെങ്കിൽ, കളകളോടുകൂടെ ഗോതമ്പും പിഴുതുപോകും. സത്യ വിശ്വാസികളോടുകൂടെ ലോകത്തിൽ നിലനിൽക്കുവാൻ വ്യാജ വിശ്വാസികളെ അനുവദിക്കണമെന്ന് ഇത് അർഥമാക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടുകളിൽ കളകളെന്ന് കണക്കാക്കിയിരുന്നവരെ പിഴുതുകളയുകയെന്ന ഗുരുതരമായ തെറ്റ് കത്തോലിക്കാസഭ ചെയ്തു. എന്നാൽ കത്തോലിക്കാസഭയാൽ പിഴുതുകളയപ്പെട്ടവരിൽ മിക്കവരും യഥാർഥവാന്മാരായിരുന്നു, ഏറ്റവും മികച്ചവർപോലും ആയിരുന്നു. തന്റെ അടിമകൾ ഇങ്ങനെയുള്ള ഒരു കാര്യം ചെയ്യുവാൻ കർത്താവായ യേശു അനുവദിക്കാതിരുന്നതിനു കാരണം ഇതാണ്.

## E. കൊയ്ത്തിന്റെ സമയം—യുഗത്തിന്റെ പരിണതി

വാക്യം 30 പറയുന്നു, "കൊയ്ത്തുവരെ രണ്ടും ഒന്നിച്ചു വളരട്ടെ, കൊയ്ത്തിന്റെ സമയത്ത് ഞാൻ കൊയ്യുന്നവരോട്, ആദ്യം കളകളെ കൂട്ടിവച്ച് അവയെ ചുട്ടുകളയുവാൻ കെട്ടുകളായി കെട്ടുവിൻ, എന്നാൽ ഗോതമ്പിനെ എന്റെ കളപ്പുരയിലേക്ക് ശേഖരിക്കുവിൻ എന്നു പറയും." കൊയ്ത്ത് യുഗത്തിന്റെ പരിണതിയും, കൊയ്യുന്നവർ ദൂതന്മാരും ആണ് (വാ. 39). ഈ യുഗത്തിന്റെ പരിണതിയിൽ, കർത്താവ് ഒന്നാമത് എല്ലാ കളകളെയും എല്ലാ ഇടർച്ചകളെയും അധർമികളായവരെയും ശേഖരിക്കുവാനും, അവരെ കെട്ടുകളായി

കെട്ടുവാനും, തീപ്പൊയ്കയിലെ തീയിൽ അവയെ ചുടുവാനും ദൂതന്മാരെ അയയ്ക്കും (വാ. 30, 40-42). അതിനുശേഷം നീതിമാന്മാരായ ഗോതമ്പ് സൂര്യനെപ്പോലെ പ്രകാശിക്കുവാൻ അവരുടെ പിതാവിന്റെ രാജ്യം എന്ന രാജാവിന്റെ കളപ്പുരയിലേക്ക് ഒന്നിച്ചു കൂട്ടിവരുത്തപ്പെടും (വാ. 30, 43).

കള്ള സഹോദരന്മാരാൽ താൻ നഷ്ടം സഹിച്ചുവെന്നു പറഞ്ഞുകൊണ്ട് ഗലാത്യർ 2:4-ലും 2 കൊരിന്ത്യർ 11:26-ലും കള്ള സഹോദരന്മാരെക്കുറിച്ച് പൗലൊസ് പരാമർശിച്ചു. പൗലൊസിന്റെ സമയത്ത് കളകൾ ഉണ്ടായിരുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. തീർച്ചയായും, കോൺസ്റ്റന്റൈൻ ക്രിസ്തുമതത്തെ ദേശീയമതമാക്കിയതു മുതൽ വളരെയധികം കളകൾ കൂടി കടന്നുവന്നു.

ഈ ഉപമയിൽ കളകളുടെമേൽ വരുന്ന ന്യായവിധി എന്ന ഗൗരവമുള്ള വിഷയത്തെ കർത്താവ് ചൂണ്ടിക്കാണിക്കുന്നു. ഇത് ഒരു പ്രത്യേക ന്യായവിധിയായിരിക്കും, കാരണം കളകളെ കെട്ടുകളായി കെട്ടി തീപ്പൊയ്ക എന്ന തീച്ചൂളയിലേക്ക് എറിഞ്ഞുകളയും. ആദ്യമായി തീപ്പൊയ്കയിലേക്ക് എറിയപ്പെടുന്ന രണ്ടുപേർ എതിർക്രിസ്തുവും കള്ളപ്രവാചകനുമായിരിക്കും. അവരെത്തുടർന്ന് കർത്താവിന്റെ മടങ്ങിവരവിന്റെ സമയത്ത് കളകൾ തീപ്പൊയ്കയിലേക്ക് എറിയപ്പെടും. കളകൾ ദൈവത്തിന്റെ വ്യവസ്ഥയെ കുഴപ്പത്തിലാക്കുകയും, തടസ്സപ്പെടുത്തുകയും, നശിപ്പിക്കുകയും ചെയ്യുതുകൊണ്ട് കളകളുടെമേലുള്ള ന്യായവിധി വളരെ ഗൗരവമുള്ളതായിരിക്കും. ദൈവത്തിന്റെ ദൃഷ്ടിയിൽ കളകൾ വളരെയധികം ദുഷ്ടത നിറഞ്ഞവരാണ്.


ഇന്ന് ആധുനികവാദികൾ ദുഷ്ടത നിറഞ്ഞവരാണ്. കർത്താവ് നിയമാനുസൃതമല്ലാത്ത കുഞ്ഞായിരുന്നു എന്നു പറഞ്ഞുകൊണ്ട് അവർ കർത്താവിനെ ദുഷിക്കുന്നു. കർത്താവായ യേശു വീണ്ടെടുപ്പുകാരനല്ലെന്നും, അവന്റെ മരണം ഒരു രക്തസാക്ഷിയുടേതായിരുന്നുവെന്നും, അവന്റെ മരണം വീണ്ടെടുപ്പിനു വേണ്ടിയല്ലായിരുന്നുവെന്നും അവർ പറയുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നതും അവർ നിഷേധിക്കുന്നു. കൂടാതെ, ചില ആധുനികവാദികൾ ദൈവത്തെക്കുറിച്ച് വളരെ അവ്യക്തരാണ്. ദൈവത്തെ സംബന്ധിച്ച് അവർ എന്താണ് വിശ്വസിക്കുന്നതെന്ന് നിർണയിക്കുവാൻ പ്രയാസമാണ്. ദൈവത്തെയോ, ക്രിസ്തുവനെയോ, ആത്മാവിനെയോ കുറിച്ച് നിങ്ങൾ അവരോട് ചോദിക്കുന്നുവെങ്കിൽ, അതെല്ലാം ഒരു നിർവചനത്തിന്റെ കാര്യമാണെന്ന് അവർ പ്രതികരിക്കും. ഈ ഉത്തരം കൗശലമേറിയതും, ദുഷ്ടതയേക്കാൾ അധികവും ആണ്. അതുകൊണ്ട്, ഈ യുഗത്തിന്റെ പരിണതിയിൽ, ദൂതന്മാർ

കളകളെ കെട്ടുകളായി കെട്ടുകയും അവയെ തീപ്പൊയ്കയിലേക്ക് എറിയുകയും ചെയ്യും. വെള്ളസിംഹാസനത്തിലെ ന്യായവിധിയിലൂടെ കടന്നുപോകേണ്ട ആവശ്യം അവർക്ക് ഉണ്ടായിരിക്കുകയില്ല. കളകൾ കർത്താവിന്റെ ദൃഷ്ടിയിൽ എത്ര ദുഷ്ടരാണെന്ന് ഈ ന്യായവിധിയാൽ നമുക്ക് കാണുവാൻ കഴിയും.

കളകൾ കുഴപ്പത്തിനും, തടസ്സപ്പെടുത്തലിനും, നാശത്തിനും കാരണമായെങ്കിലും, ചില ക്രിസ്തീയ കൂട്ടങ്ങളെന്നു വിളിക്കപ്പെടുന്നവർ തങ്ങളുടെ ഇടയിൽ കളകൾ ഉണ്ടായിരിക്കുന്നതിൽ വാസ്തവമായി അഭിമാനിക്കുകയും, യാതൊരു കളകളും ഇല്ലാത്തതിൽ നമ്മെ കുറ്റംവിധിക്കുയും ചെയ്യുന്നു.


കർത്താവായ യേശു വന്നപ്പോൾ, അവൻ കളകൾ വിതെച്ചില്ല: അവൻ ഗോതമ്പു മാത്രമേ വിതെച്ചുള്ളൂ. രാജ്യസ്ഥാപനത്തിനു വേണ്ടിയുള്ള അവന്റെ പ്രാഥമിക വേലയിൽ അവൻ അവനെ മാത്രമേ വിതെച്ചുള്ളു, ഒരു തരത്തിലുള്ള വിത്തു മാത്രം വിതെച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നതിൽ അവൻ വളരെ കരുതലുള്ളവനായിരുന്നു. കർത്താവിന്റെ അടിമകൾ ഉറങ്ങുകയായിരുന്നപ്പോൾ ദുഷ്ടനായ സാത്തൻ എന്ന ശത്രു കളകളുടെ വിത്തെന്ന മറ്റൊരു വിത്തു വിതയ്ക്കുവാൻ വന്നു. ഇത് പെന്തക്കോസ്തു നാളിൽ സഭ സ്ഥാപിക്കപ്പെട്ടതിനുശേഷം ഏറെ താമസിയാതെ സംഭവിച്ചു. തങ്ങളുടെ ജീവനായി ക്രിസ്തുവിനെ തങ്ങളിലേക്ക് സ്വീകരിക്കാതിരുന്ന ചില വ്യാജന്മാർ പ്രത്യക്ഷത്തിൽ യഥാർഥവാന്മാരെപ്പോലെ വന്നുവെന്ന് പ്രവൃത്തികളുടെ പുസ്തകം സൂചിപ്പിക്കുന്നു. എന്നാൽ അവർ ഗോതമ്പല്ല, കളകൾ ആയിരുന്നു. നാലാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് മഹാനായ കോൺസ്റ്റന്റൈൻ ക്രിസ്തുമതത്തെ റോമാ സാമ്രാജ്യത്തിന്റെ ദേശീയ മതമാക്കി. ആ സമയത്ത്, ആയിരക്കണക്കിന് വ്യാജ വിശ്വാസികൾ ക്രിസ്തുമതത്തിലേക്കു വന്നു. ജനത്തെ ക്രിസ്ത്യാനികളാക്കുന്നതിനായി, കോൺസ്റ്റന്റൈൻ അവരെ സ്നാനപ്പെടുവാൻ പ്രോത്സാഹിപ്പിച്ചു. ക്രിസ്തുമതത്തിലേക്ക് സ്നാനപ്പെട്ട അനേകർക്ക് വെള്ളിയോ വസ്ത്രമോ ഒരു ഭൗതിക പ്രതിഫലമായി നൽകിയിരുന്നു. ദുഷ്ടന് തന്റെ കളകൾ വിതയ്ക്കുവാൻ ഇത് ഏറ്റവും വലിയ അവസരമായിരുന്നു. ആ സമയത്ത് ഗോതമ്പിന്റെ ഓരോ ഞെട്ടിലും ഒരുപക്ഷെ പത്ത് കളകൾ ഉണ്ടായിരുന്നു. ഇത് ഇന്നുവരെ തുടർന്നുകൊണ്ടിരിക്കുന്നു. ക്രൈസ്തവലോകത്തിൽ ക്രിസ്ത്യാനികളെന്നു വിളിക്കപ്പെടുന്നവർ ദശലക്ഷക്കണക്കിനുണ്ട്, എന്നാൽ അവരിൽ അനേകരും യഥാർഥ വിശ്വാസികളല്ല.

# സ്വർഗരാജ്യവും
# തമ്മിലുള്ള വ്യത്യാസത്തെ




| | | |
|---|---|---|
| ഭൂതകാല നിത്യത | ആദാമിന്റെ സൃഷ്ടി<br>മുതൽ<br>ന്യായപ്രമാണ പ്രഖ്യാപനം<br>വരെ | ന്യായപ്രമാണ പ്രഖ്യാപനം<br>മുതൽ<br>കൃപയുടെ വരവു<br>വരെ |
| എഫെ. 1:4<br>1 പത്രൊ. 1:20 | റോമ. 5:13-14 | യോഹ. 1:17 |

# ദൈവരാജ്യവും
# കാണിക്കുന്ന രേഖാചിത്രം




**സ്വർഗരാജ്യം**
**സമീപിച്ചിരിക്കുന്നു**

മത്താ. 3:2; 4:17; 10:7

**സ്വർഗരാജ്യത്തിന്റെ ആരംഭം**

മത്താ. 16:18-19; 13:24; 22:2

**സഭ**

1 തിമൊ. 3:15; എഫെ. 1:22-23

**സ്വർഗരാജ്യത്തിന്റെ**
**യാഥാർത്ഥ്യം**

മത്താ. 5-7

**സ്വർഗരാജ്യത്തിന്റെ**
**ഭാവാഭാസം**

മത്താ. 13:24-42

**സഹസ്രാബ്ദം**
വെളി. 20:4-6

**(1) സ്വർഗീയ ഭാഗം**
സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷത
മത്താ. 24:46-47; 25:19-23; ലൂക്കൊ.19:15-19;
വെളി. 2:26-27; 3:21; 2 തിമൊ. 2:12
"പിതാവിന്റെ രാജ്യം"
മത്താ. 13:43
ക്രിസ്തുവും ജയാളികളായ വിശുദ്ധരും
രാജാക്കന്മാരായി വാഴും

**(2) ഭൗമിക ഭാഗം**
മശിഹായുടെ രാജ്യം
2 ശമൂ. 7:13
"ദാവീദിന്റെ കൂടാരം"
പ്രവൃ. 15:16
പുനഃസ്ഥാപിക്കപ്പെട്ട യിസ്രായേൽ രാജ്യം
പ്രവൃ. 1:6
"മനുഷ്യപുത്രന്റെ രാജ്യം"
മത്താ. 13:41; വെളി. 11:15

(a) രക്ഷിക്കപ്പെട്ട യിസ്രായേല്യർ
റോമ. 11:26-27; സെഖ. 12:10;
യെഹെ. 36:25-28
പുരോഹിതന്മാരായിരിക്കും
സെഖ. 8:20-23; യെശ. 2:2-3

(b) പുനഃസ്ഥാപിക്കപ്പെട്ട ജാതികൾ
പ്രവൃ. 3:21
ജനങ്ങളായിരിക്കും
മത്താ. 25:32-34

**പുതിയ ആകാശവും**
**പുതിയ ഭൂമിയും**
യെശ. 65:17; 66:22;
2 പത്രൊ. 3:12

(1) പുതിയ യെരൂശലേം
ഭരണകേന്ദ്രമായിരിക്കും
എബ്രാ. 12:22
വെളി. 21

(a) വിജയികളാക്കപ്പെട്ടവരും
തികഞ്ഞവരാക്കപ്പെട്ടവരുമായ എല്ലാ
വിശുദ്ധരെയും ചേർത്ത് സംഘടിപ്പിക്കപ്പെട്ട
ദൈവപുത്രന്മാർ ഉണ്ടായിരിക്കും
വെളി. 21:6-7

(b) ഈ തികഞ്ഞവരാക്കപ്പെട്ട
വിശുദ്ധന്മാർ രാജാക്കന്മാരായിരിക്കും
വെളി. 22:5

(2) രക്ഷിക്കപ്പെട്ട
ജാതികൾ ജനമായിരിക്കും
വെളി. 21:3-4, 24; 22:2

എന്റെ സ്വന്തം അനുഭവത്തിൽനിന്നും ഇത് ഞാൻ ഉദാഹരിക്കട്ടെ. ഒരു സതേൺ ബാപ്റ്റിസ്റ്റ് മാതാവിൽനിന്നായിരുന്നു ഞാൻ ജനിച്ചത്. അമ്മ ഞങ്ങളെ വേദപുസ്തക കഥകൾ പഠിപ്പിച്ചിരുന്നു. ആ കാലത്ത് അമ്മ ക്രിസ്തുമതത്തിനു വേണ്ടിയായിരുന്നെങ്കിലും, അമ്മ തീർച്ചയായും രക്ഷിക്കപ്പെട്ടിരുന്നില്ല. അവിടെ വളരെയധികം കളകൾ ഉണ്ടായിരുന്നു, ഗോതമ്പ് കണ്ടെത്തുന്നതുതന്നെ പ്രയാസമായിരുന്നു. ഞാൻ പഠിച്ചിരുന്ന അമേരിക്കൻ പ്രസ്ബിറ്റേറിയൻ കോളജിലെ ലോകചരിത്രം പഠിപ്പിച്ചിരുന്ന പ്രൊഫസർ ഒരു യെഹൂദ പശ്ചാത്തലത്തിൽ നിന്നു വന്നവനായിരുന്നു. അദ്ദേഹം വേദപുസ്തകത്തിലോ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലോ വിശ്വസിക്കാത്ത ഒരു വ്യാജ വിശ്വാസിയായിരുന്നു. എന്നിരുന്നാലും, പ്രസ്ബിറ്റേറിയൻ മിഷൻ അദ്ദേഹത്തെ അവരുടെ കോളജിലെ ഒരു പ്രൊഫസറായിരിക്കുവാൻ ഒരു മിഷൻ അധ്യാപകനായി അയച്ചു. ചൈനയിലെ ചില മിഷണറിമാർ ആധുനികവാദികളായിരുന്നു. മെതഡിസ്റ്റുകളുടെയും പ്രസ്ബിറ്റേറിയനുകളുടെയും ഇടയിൽ ആധുനികവാദികളായ മിഷണറിമാർ വേദപുസ്തകം കെട്ടുകഥകളുടെ ഒരു പുസ്തകമാണെന്ന് ജനത്തെ പഠിപ്പിച്ചിരുന്നു. ചെങ്കടൽ വാസ്തവത്തിൽ ദൈവത്താൽ തുറക്കപ്പെട്ടില്ലെന്നും, കാറ്റടിച്ചപ്പോൾ ആഴം കുറഞ്ഞതായ കടലിന്റെ ഒരു ഭാഗത്തുകൂടി യിസ്രായേൽ കടന്നുപോയെന്നും അവർ പറഞ്ഞു. ഇപ്പോൾ ആധുനികവാദം സതേൺ ബാപ്റ്റിസ്റ്റുകളുടെ സെമിനാരികളിലേക്കും നുഴഞ്ഞുകയറിയിട്ടുണ്ടാകും. ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരി ജോൺ സങ്ങിനെ ഒരു മാനസിക രോഗിയെപ്പോലെ ചികിത്സിച്ചിരുന്നു. ജോൺ സങ് രക്ഷിക്കപ്പെട്ടതിനുശേഷം അദ്ദേഹം കർത്താവിൽ തന്നെത്തന്നെ മറന്നാഹ്ലാദിച്ചു; എന്നാൽ ആ സെമിനാരിയിലുള്ളവർ അദ്ദേഹത്തെ ഒരു മാനസിക രോഗിയായി കണക്കാക്കിക്കൊണ്ട് ഒരു മാനസികാശുപത്രിയിലേക്ക് അയച്ചു. പിന്നീട് ജോൺ സങ് ചൈനയിലേക്ക് മടങ്ങിവന്ന് സുവിശേഷം പ്രസംഗിക്കുകയും, ഒരുപക്ഷെ ചൈനയിൽ ഏറ്റവും വലിയ സുവിശേഷകനായിത്തീരുകയും ചെയ്തു. ഇന്നത്തെ ക്രൈസ്തവലോകത്തിൽ ദശലക്ഷക്കണക്കിന് കളകൾ ഉണ്ട്.

മത്തായി 13-ൽ സ്വർഗരാജ്യത്തിന്റെ ബാഹ്യമായ വ്യാജഭാവത്തിന്റെ ഒരു ചിത്രം നാം കാണുന്നു. (ദയവായി 534, 535 എന്നീ പേജുകളിലെ ചാർട്ട് കാണുക). ദൈവരാജ്യം ഭൂതകാല നിത്യത മുതൽ ഭാവികാല നിത്യത വരെയുള്ള സകലവും ഉൾപ്പെടുത്തുന്നു. ഈ രണ്ട് നിത്യതകൾക്കിടയിൽ വിവിധ കാലങ്ങളായും യുഗങ്ങളായും വിഭജിക്കപ്പെട്ട സമയമുണ്ട്. ഒന്നാമത്തേത് ന്യായപ്രമാണത്തിനു മുമ്പുള്ള യുഗമാണ്. ആദാമിനെ സൃഷ്ടിച്ചതിനുശേഷം പാപമോ

ഇരുട്ടോ ഇല്ലാതിരുന്നിടമായ തോട്ടത്തിൽ അവനെ നിർത്തി. അവനിൽനിന്നും, മോശെയോളം നീളുന്ന പിതാക്കന്മാരുടെ കാലഘട്ടമാണ്. പിതാക്കന്മാരുടെ ഈ കാലഘട്ടം ന്യായപ്രമാണത്തിനു മുമ്പുള്ള യുഗമായി അറിയപ്പെടുന്നു. അതിനുശേഷം ന്യായപ്രമാണയുഗം വരുന്നു. ഇതിനെത്തുടർന്ന് നിർണായകമായ രണ്ട് യുഗങ്ങൾ, അതിൽ ഒന്നാമത്തേത് സഭായുഗം എന്ന കൃപായുഗവും, മറ്റേത് സഹസ്രാബ്ദമെന്ന രാജ്യയുഗവും ആണ്. ഞങ്ങൾ നേരത്തേ ചൂണ്ടിക്കാണിച്ചിട്ടുള്ള തുപോലെ, സ്വർഗരാജ്യം ഈ രണ്ട് യുഗങ്ങളെ മാത്രമേ ഉൾപ്പെ ടുത്തുന്നുള്ളൂ. കൃപായുഗത്തിൽ നിരവധി സങ്കീർണതകളുണ്ട്, കാരണം സ്വർഗരാജ്യത്തിന് മൂന്നു വശങ്ങളുണ്ട്: യാഥാർഥ്യത്തിന്റെ വശവും, വ്യാജഭാവത്തിന്റെ വശവും, പ്രത്യക്ഷതയുടെ വശവും. സഭ സാധാരണ സ്ഥിതിയിലാരിക്കുന്നിടത്തോളം അത് രാജ്യത്തിന്റെ യാഥാർഥ്യമാണ്. ഒരു സാധാരണ നിലയിൽ സഭരാജ്യത്തിന്റെ യാഥാർഥ്യമാണ്. രാജ്യത്തിന്റെ മൂന്നാമത്തെ വശമായ പ്രത്യക്ഷത, സഹസ്രാബ്ദത്തിന്റെ സ്വർഗീയഭാഗത്ത്, മുകളിലെ ഭാഗത്താണ്. താഴത്തെ ഭാഗമായ ഭൗമികഭാഗം മശിഹൈക രാജ്യമായ, മശിഹായുടെ രാജ്യമാണ്, എന്നാൽ സ്വർഗീയ ഭാഗം സ്വർഗരാ ജ്യത്തിന്റെ പ്രത്യക്ഷതയാണ്. 13:43-ലുള്ള ഈ സ്വർഗീയ ഭാഗം പിതാവിന്റെ രാജ്യമെന്നും വിളിക്കപ്പെടുന്നു; എന്നാൽ ഭൗമിക ഭാഗം മത്തായി 13:41-ൽ മനുഷ്യപുത്രന്റെ രാജ്യം എന്നു വിളിക്കപ്പെടുന്നു. അതുകൊണ്ട്, പുത്രന്റെ രാജ്യം മശിഹായുടെ രാജ്യവും, പിതാവിന്റെ രാജ്യം സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയും ആണ്.

ഈ ദൂതിൽ നാം രാജ്യത്തിന്റെ വ്യാജഭാവത്തെ സംബന്ധിച്ചാണ് നോക്കുന്നത്. ചാർട്ടിൽ രാജ്യത്തിന്റെ വ്യാജഭാവത്തെ നാം ഒരു ബിന്ദുരേഖകൊണ്ട് അടയാളപ്പെടുത്തിയി രിക്കുന്നു. ക്രൈസ്തവലോകം ലോകത്തിൽനിന്നും വ്യത്യസ്തമാണെന്ന് തോന്നാം, എന്നാൽ വാസ്തവത്തിൽ യാതൊരു വ്യത്യാസവും ഇല്ല. സ്വർഗരാജ്യത്തിന്റെ വ്യാജഭാവം ഇന്നത്തെ ക്രൈസ്തവലോകമാണ്. അത് ഇരുണ്ടതും, പൈശാചികവും, നരകതുല്യംപോലും ആണ്; നാം എല്ലാവരും അതിനെ കുറ്റംവിധിക്കണം. നിങ്ങൾ എവിടെയാണ്? നിങ്ങൾ രാജ്യത്തിന്റെ വ്യാജഭാവത്തിലാണോ, അതോ രാജ്യത്തിന്റെ യാഥാർഥ്യത്തിലാണോ? നിങ്ങൾ ലോകത്തിലായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങൾ സഭയിലാണ്. എന്നാൽ സഭ ഇനിമേൽ സാധാരണ സ്ഥിതിയിലല്ല, മറിച്ച് അത് അസാധാരണമായിത്തീർന്നിരിക്കുന്നു. അതുകൊണ്ട്, സഭയ്ക്കുള്ളിൽ ബിന്ദുരേഖയുടെ ആവശ്യമുണ്ട്. സാധാരണ സഭ യാഥാർഥ്യമാണ്, എന്നാൽ ബിന്ദുരേഖയിലുള്ള മേഖല അസാധാരണമായ സഭയെ സൂചിപ്പിക്കുന്നു. എല്ലാ യഥാർഥ ക്രിസ്ത്യാനികളും സഭയിലാണ്, എന്നാൽ ഈ ക്രിസ്ത്യാനികളിൽ

ചിലർ അസാധാരണവും പരാജിതരുമായിത്തീർന്നു. നിങ്ങൾ ലോകത്തിലല്ലെന്നും രാജ്യത്തിന്റെ വ്യാജഭാവമായ ക്രൈസ്തവലേ ാകത്തിലല്ലെന്നും നിങ്ങൾക്കു പറയാം. നിങ്ങൾ സഭയിലാണ്. എന്നാൽ നിങ്ങൾ സാധാരണ സ്ഥിതിയിലുള്ള സഭയിലാണോ, അതോ അസാധാരണ സ്ഥിതിയിലുള്ളതിലാണോ? മുള്ളുകൾ ഉള്ള മണ്ണായ വിശ്വാസികൾ അസാധാരണ സ്ഥിതിയിലാണ്. അവർ യഥാർഥ ക്രിസ്ത്യാനികളാണ്, എന്നാൽ ഫലം പുറപ്പെടുവിക്കുവാൻ കഴിയാതവണ്ണം വിത്തിന്റെ വളർച്ച മുള്ളുകളാൽ ഞെരുക്ക പ്പെട്ടിരിക്കുന്നു. പെരുക്കത്തെയും ആവിഷ്കാരത്തെയും ഫലം സൂചിപ്പിക്കുന്നു. എന്നാൽ സ്വർഗരാജ്യത്തിന്റെ ഭരണഘടനയുടെ തലത്തിലുള്ള വിശ്വാസികൾ സാധാരണ സ്ഥിതിയിലാണ്. അവർ ആത്മാവിൽ ദരിദ്രരും ഹൃദയശുദ്ധിയുള്ളവരും; അവരുടെ കോപത്തോടും, മോഹത്തോടും, സ്വയത്തോടും, ജഡത്തോടും ഇടപെടപ്പെട്ടവരും; വ്യാകുലത ഇല്ലാത്തവരും; പണത്താൽ വഞ്ചി ക്കപ്പെടാത്തവരും ആണ്. അവർ ക്രിസ്തുവിനെ രാജ്യത്തിലേക്ക് വളർത്തുന്ന നല്ല നിലമാണ്. അതുകൊണ്ട്, അവർ സ്വർഗരാജ്യ ത്തിന്റെ യാഥാർഥ്യമായ സാധാരണ സ്ഥിതിയിലുള്ള സഭയിലാണ്.

കർത്താവായ യേശു മടങ്ങിവരുമ്പോൾ നിങ്ങൾ എവിടെയായിരിക്കും? അവസാനത്തോളം നാം സഹിച്ചുനിൽ ക്കുന്നുവെങ്കിൽ, അതായത്, അവസാനത്തോളം ആത്മാവിൽ നമ്മെത്തന്നെ കാത്തിട്ടുണ്ടെങ്കിൽ, നാം രക്ഷിക്കപ്പെടുകയും സഹസ്രാബ്ദത്തിന്റെ സ്വർഗീയ ഭാഗമായ സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിൽ ഉണ്ടായിരിക്കുകയും ചെയ്യും. അവിടെ ഉണ്ടായി രിക്കുന്നവർ ക്രിസ്തുവിനോടുകൂടെ ഭരിക്കും. 13:43 അനുസരിച്ച് അവർ "തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും." ഇതാണ് യഥാർഥ കളപ്പുര; അവിടെ ഗോതമ്പെല്ലാം ജാതികളുടെമേൽ പ്രകാശിക്കും. ആ പ്രകാശിക്കൽ ഭരിക്കുന്നതാ യിരിക്കും, രാജാക്കന്മാരായി വാഴുന്നതായിരിക്കും.

ഇന്നത്തെ ക്രിസ്തുമതം ഇരുട്ടിലാണെന്ന് നാം കാണേണ്ടതാവശ്യമാണ്. അവർ എവിടെയാണെന്നോ, അവർ എവിടെ ആയിരിക്കണമെന്നോ, അവർ എവിടെ പോകുമെന്നോ അനേകർക്കും അറിയില്ല. എന്നാൽ വേദപുസ്തകത്തിൽ വെളിച്ചമുണ്ട്; കാഴ്ച വളരെ വ്യക്തവുമാണ്. നാം കണ്ടിരിക്കുന്നത് തികച്ചും മാനുഷിക ചിന്തയ്ക്കനുസൃതമായതല്ല; അത് ദിവ്യ വെളിപാടനുസരിച്ചുള്ള ഒരു വചനമാണ്. ചാർട്ടിലുള്ള സകലവും വേദപുസ്തകത്തിൽ സ്ഥിരീകരിച്ചിട്ടുണ്ട്. കർത്താവിന്റെ പ്രത്യുദ്ധാ രത്തിലുള്ള ഓരോരുത്തരും ഈ ചാർട്ടിനാൽ മതിപ്പുള്ളവരായി രിക്കണം. നാം സങ്കീർണതകളുടെ ഒരു യുഗത്തിലാണ്. ക്രിസ്തു വരുകയും വിത്തു വിതയ്ക്കുകയും ചെയ്തിരിക്കുന്നു, എന്നാൽ ശത്രുവും കടന്നുവന്ന് സങ്കീർണതകൾക്ക് കാരണമാകുന്ന

കാര്യങ്ങൾ ചെയ്തിരിക്കുന്നു. അതുകൊണ്ട്, ഈ യുഗത്തിൽ നമുക്ക് ലൗകികരായ ജനവും; ദൈവമക്കളായ, രാജ്യത്തിന്റെ പുത്രന്മാരായ ഗോതമ്പും; ദൈവമക്കളുടെ ഇടയിലുള്ളവരും, പിശാചിന്റെ പുത്രന്മാരുമായ നാമധേയ ക്രിസ്ത്യാനികളായ, വ്യാജ വിശ്വാസികൾ എന്ന കളകളും ഉണ്ട്. രാജ്യത്തിന്റെ പുത്രന്മാരിൽ അനേകർ അധഃപതിച്ചുപോകുകയും നിലവാരത്തിനു താഴെ വീണുപോകുകയും ചെയ്തു. തന്മൂലം, അവർ അസാധാരണ സ്ഥിതിയിലാണ്.

അങ്ങനെ, നാലു തരം ആളുകളുണ്ട്: സാധാരണ വിശ്വാസികളും, അസാധാരണ വിശ്വാസികളും, വ്യാജ വിശ്വാസികളും, ലൗകികരായ ജനവും. ദിവസംതോറും നാം ഈ നാലു വിഭാഗങ്ങളുമായി ഇടപഴകുന്നു. നിങ്ങൾ ജോലി ചെയ്യുന്ന അതേ സ്ഥലത്ത് നാലു വിഭാഗങ്ങളും ഉണ്ടായിരിക്കാം. ഇന്നത്തെ യുഗത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടോടുകൂടെ ഈ സാഹചര്യത്തെ നാം അഭിമുഖീകരിക്കേണ്ടത് ആവശ്യമാണ്. നാം ലോകത്തോടുകൂടെ നിൽക്കുകയോ ക്രൈസ്തവലോകത്തിന്റെ ഭാഗമായിരിക്കുകയോ ചെയ്യുകയില്ല. കൂടാതെ, നാം യഥാർഥമെങ്കിലും അസാധാരണ വിശ്വാസികളും ആയിരിക്കുകയില്ല. മറിച്ച്, നാം യഥാർഥവും സാധാരണവുമായ വിശ്വാസികളായിരിക്കുവാൻ, സ്വർഗരാജ്യത്തിന്റെ ഭരണഘടനയനുസരിച്ച് ജീവിക്കുന്ന രാജ്യത്തിന്റെ യഥാർഥ പുത്രന്മാരായിരിക്കുവാൻ ആഗ്രഹിക്കുന്നു. ഭരണഘടനയനുസരിച്ചുള്ള ഒരു ജീവിതം നയിച്ചുകൊണ്ട് നാം ക്രിസ്തുവിനെ വളർത്തും. നാം വളർത്തുന്നതൊക്കെയും സ്വർഗരാജ്യത്തിന്റെ ഘടകാംശമായ പെരുക്കമായിരിക്കും. അതുകൊണ്ട്, നാം ഇന്ന് യാഥാർഥ്യത്തിലാണെന്നു മാത്രമല്ല—നാം ആണ് യാഥാർഥ്യം. അപ്പോൾ രാജാവായ കർത്താവായ യേശു വീണ്ടും വരുമ്പോൾ, നാം ക്രിസ്തുവിന്റെ സഹരാജാക്കന്മാരായി വാഴുവാൻ ലോകത്തിന്മേൽ പ്രകാശിച്ചുകൊണ്ടും സഹസ്രാബ്ദത്തിന്റെ സ്വർഗീയഭാഗം ആസ്വദിച്ചുകൊണ്ടും സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലായിരിക്കും.